## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3235 10/12/2018-ൽ മറുപടിയ്ക്ക്

### വേങ്ങര വലിയോറ സർക്കാർ യു. പി. സ്കൂളിൽ ഓട്ടിസം സെന്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നബാർഡിന്റെ സാമ്പത്തിക സഹായത്താൽ വേങ്ങര വലിയോറ സർക്കാർ യു.പി.സ്കൂളിൽ ഓട്ടിസം സെന്ററിനായി പുതിയ ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ടോ; ആയത് എന്ന് മുതൽ പ്രവർത്തന മാരംഭിച്ചുവെന്നും ആയതിലേക്ക് ആവശ്യമായ ജീവനക്കാരുടെ നിയമനം പൂർത്തിയായിട്ടുണ്ടോ യെന്നും വിശദമാക്കുമോ;<br>(ബി) പ്രസ്തുത ഓട്ടിസം സെന്ററിന് ആവശ്യമായ ഫർണ്ണീച്ചറുകളും മറ്റു ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് എന്നത്തേക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ;<br>(സി) പ്രസ്തുത ഓട്ടിസം സെന്റർ അടിയന്തരമായി പ്രവർത്തനമാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (എ) & (ബി) & (സി) | ഉണ്ട്. ഓട്ടിസം സെന്ററിനായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി.സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br>ഇലക്ട്രിഫിക്കേഷൻ ജോലികൾ ബാക്കിയുണ്ട്. പ്രസ്തുത ഓട്ടിസം സെന്റർ പൂർണ്ണമായി പ്രവർത്തന സജ്ജമായിക്കഴിഞ്ഞാൽ സമഗ്ര ശിക്ഷാ അഭിയാന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിലെ ജീവനക്കാരുടെ സേവനം വിനിയോഗിക്കുവാൻ കഴിയുന്നതാണ്. |

Reena

സെക്ഷൻ ഓഫീസർ